**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 100** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിസെപ്പ് പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** ഒരു സർക്കാർ ജീവനക്കാരൻ മെഡിസെപ്പ് പദ്ധതിയിൽ അംഗമാകുമ്പോൾ ആ വ്യക്തിക്കും കുടുംബത്തിനും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ കിട്ടുന്ന സാഹചര്യത്തിൽ ആ കുടുംബത്തിലെ പരിരക്ഷ ലഭിക്കുന്ന മറ്റ് സർക്കാർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കുന്നത് ഒഴിവാക്കുമോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജീവനക്കാരുടെ ആരോഗ്യ സുരക്ഷാ പദ്ധതിയായ മെഡിസെപ് സമഗ്രമായി പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**(ബി)** മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത ആശുപത്രികളിൽ നിന്ന് സർക്കാർ ജീവനക്കാർ ചികിത്സ തേടുന്നതിന് മറ്റൊരു ഇൻഷ്വറൻസ് പദ്ധതിയിൽ കൂടി ചേരേണ്ടി വരുന്ന സാഹചര്യം പരിഗണിച്ചുകൊണ്ട് മറ്റ് ആരോഗ്യ ഇൻഷ്വറൻസുകൾ എടുത്തിട്ടുള്ളവർക്ക് മെഡിസെപ്പിൽ നിന്ന് ഒഴിവാകുന്നതിനുള്ള അവസരം ലഭ്യമാക്കുമോ ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പൂർണ്ണമായും പണരഹിത ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**